"ഭരണഭാഷ മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകുപ്പ്-കെ.എസ്.ആർ.ടി.സിയുടെ 704 സൂപ്പർ ക്ലാസ് ബസ്സുകളുടെ കാലപ്പഴക്കം 9 വർഷമാകുന്നതുവരെ, പ്രസ്തുത ബസ്സുകൾ സൂപ്പർ ക്ലാസ്സായി ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത (ബി) വകുപ്പ്

സ.ഉ.(സാധാ) നം.371/2021/ഗതാഗതം തീയതി,തിരുവനന്തപുരം. 29/10/2021

---

പരാമർശം:- സി.എം.ഡി, കെ.എസ്.ആർ.ടി.സിയുടെ 22/10/2021-ലെ എം.എൽ.3/005256/19 നമ്പർ കത്ത്.

ഉത്തരവ്

കെ.എസ്.ആർ.ടി.സി യുടെ ഫാസ്റ്റ് പാസഞ്ചർ / സൂപ്പർ ഫാസ്റ്റ് / സൂപ്പർ എക്സ്പ്രസ് / സൂപ്പർ ഡീലക്സ് / പ്രീമിയം എ.സി വിഭാഗത്തിലുള്ള 704 സൂപ്പർ ക്ലാസ് ബസ്സുകളുടെ അനുവദനീയമായ കാലപരിധിയായ 7 വർഷ കാലാവധി 2021 ഒക്ടോബർ - 31 ന് മുമ്പ് പൂർത്തിയാവുകയാണ് എന്നും കോവിഡ് - 19 ന്റെ നിയന്ത്രണങ്ങൾ മൂലം 704 സൂപ്പർ ക്ലാസ് ബസ്സുകൾ 2 വർഷത്തോളം പൂർണ്ണ തോതിൽ ഉപയോഗിക്കാൻ കഴിഞ്ഞിരുന്നില്ല എന്നും കൂടാതെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ പകരം ബസ്സുകൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുന്ന അവസ്ഥയിലുമല്ല എന്നും ഈ സാഹചര്യത്തിൽ നവംബർ 1 ന് സ്കൂൾ തുറക്കുന്നതും, 2021 - 22ലെ ശബരിമല മഹോത്സവം ആരംഭിക്കുന്നതിനാലും, നിലവിൽ 6 വർഷത്തിനു മേലെയും 9 വർഷത്തിൽ താഴെയും പഴക്കമുള്ളതായ 704 സൂപ്പർ ക്ലാസ് ബസ്സുകളുടെ നഷ്ടപ്പെട്ട 2 വർഷക്കാലയളവ് കൂടി പരിഗണിച്ച് പ്രസ്തുത ബസ്സുകൾ സൂപ്പർ ക്ലാസ്സായി ഉപയോഗിക്കുന്നതിനുള്ള കാലപരിധി 9 വർഷമാക്കി ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സി.എം.ഡി, കെ.എസ്.ആർ.ടി.സി അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും നിലവിൽ 6 വർഷത്തിനു മുകളിലും 9 വർഷത്തിൽ താഴെയും പഴക്കമുള്ളതായ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലേക്കുള്ള 704 സൂപ്പർ ക്ലാസ് ബസ്സുകൾ പ്രസ്തുത ബസുകളുടെ പഴക്കം 9 വർഷമാകുന്നതുവരെ സൂപ്പർ ക്ലാസ്സായി ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

ഗതാഗത കമ്മീഷണർ

സി.എം.ഡി, കെ.എസ്.ആർ.ടി.സി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ്)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ )